"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീമതി.നിവ്യ ശ്രീശൻ.പി, കോൺഫിഡൻഷ്യൽ അസ്സിസ്റ്റന്റ് ഗ്രേഡ്-II, പൊതുഭരണ വകുപ്പ് എന്നവരുടെ കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1618/2025/LSGD തീയതി,തിരുവനന്തപുരം, 28-06-2025

---

പരാമർശം:-
1. 10/05/2013-ലെ 42/2013/ധന നം. പരിപത്രം
2. 28/11/2013-ലെ സ.ഉ.(പി)നം.580/2013/ധന
3. 13/08/2024-ലെ സ.ഉ.(സാധാ)നം.1516/2024/തസ്വഭവ
4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 07/05/2025-ലെ 2268/E1/2024/KSHO നം. കത്ത്.

**ഉത്തരവ്**

ശ്രീമതി.നിവ്യ ശ്രീശൻ.പി, കോൺഫിഡൻഷ്യൽ അസ്സിസ്റ്റന്റ് ഗ്രേഡ്-II, പൊതുഭരണ വകുപ്പ് എന്നവരെ പരാമർശം (3) പ്രകാരം കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിൽ 17/08/2024 മുതൽ ഒരു വർഷത്തേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി 16/08/2025-ൽ അവസാനിക്കുന്നതായും 17/08/2025 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവന കാലം ദീർഘിപ്പിച്ചു നല്കണമെന്നും പരാമർശ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.നിവ്യ ശ്രീശൻ.പി, കോൺഫിഡൻഷ്യൽ അസ്സിസ്റ്റന്റ് ഗ്രേഡ്-II, പൊതുഭരണ വകുപ്പ് എന്നവരുടെ കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവന കാലാവധി കേരള സർവ്വീസ് റൂൾസ് ഭാഗം -1 ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) പരിപത്രത്തിലെയും, പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 17/08/2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ശ്രീമതി.നിവ്യ ശ്രീശൻ.പി, കോൺഫിഡൻഷ്യൽ അസ്സിസ്റ്റന്റ് ഗ്രേഡ്-II, പൊതുഭരണ വകുപ്പ്

(പൊതുഭരണ (സർ-ഇ) വകുപ്പ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
പൊതുഭരണ (സർ-ഇ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/146/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 05-07-2025 15:16:31
സെക്ഷൻ ഓഫീസർ